# വിപ്ലവകരമായ സൂക്ഷ്മസമരം

കെ. സച്ചിദാനന്ദൻ
മൊഴിമാറ്റം : കാര്യാടൻ

ചെങ്ങറ പ്രക്ഷോഭം ഭൂമിക്ക് വേണ്ടിയുള്ള പ്രക്ഷോഭത്തേക്കാളുപരി മാന്യതയ്ക്കും പൗരത്വത്തിനും വേണ്ടിയുള്ള സമരമാണെന്നാണ് എന്റെ വിശ്വാസം. കേരളത്തിലെ ജനകീയസമര ചരിത്രത്തിന് ഒരു പുതിയ ദിശ ഈ പ്രക്ഷോഭം നൽകുന്നു. ഇതിന് മുമ്പുണ്ടായിട്ടുള്ള സമരങ്ങളെപ്പോലെ ഒറ്റ രാഷ്ട്രീയ പാർട്ടിയാൽ നയിക്കപ്പെട്ടതല്ല ഇത്. പ്രധാനമായും ആദിവാസികളോ ഭൂരഹിതരോ ആയ നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ടവരുടെ സമരം. വിചിത്രമായ കാര്യം കേരളത്തിലെ ഇടത് പാർട്ടികൾ മുഴുവനാക്കാതെയിട്ട ഭൂപരിഷ്ക്കരണ നടപടികളിൽ നിന്നാണ് ഈ പ്രസ്ഥാനം തുടങ്ങുന്നുവെന്നതാണ്. ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂപരിഷ്ക്കരണം കൊണ്ട് താമസിക്കാനിടം കിട്ടിയെന്നല്ലാതെ വ്യവസായവൽക്കരിക്കപ്പെട്ടിട്ടില്ലാത്ത കേരളത്തിൽ ഉപജീവനത്തിനാവശ്യമായ കൃഷിഭൂമി കിട്ടിയില്ല. ചുരുക്കത്തിൽ ഭൂപരിഷ്ക്കരണം കൊണ്ട് ഭൂരഹിത കൂലിപ്പണിക്കാരും ഭൂവുടമകളും വീട്ടുടമകളും തമ്മിൽ അതൃപ്തി ഉണ്ടായിയെന്നല്ലാതെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായില്ല.

രാജ്യഭരണനേതൃത്വവും സംസ്ഥാനങ്ങളും നടപ്പിലാക്കുന്ന മുതലാളിത്തതാൽപര്യങ്ങളുടെ ഭാഗമായ പ്രത്യേക സാമ്പത്തികമേഖലകൾ (SEZ) കിരാതമായ രീതിയിൽ കൂലിപ്പണിക്കാരും ദളിതരും ആദിവാസികളുമായ പാവപ്പെട്ടവരെ അവർ ഇരതേടുന്ന ആവാസകേന്ദ്രങ്ങളിൽ നിന്ന് ആട്ടിപ്പുറത്താക്കിക്കൊണ്ട് വരുന്നതിന്റെ പശ്ചാത്തലത്തിൽ ചെങ്ങറയിലെ ജനങ്ങളുടെ പ്രക്ഷോഭം പ്രത്യേകം പരാമർശിക്കപ്പെടേണ്ടിയിരിക്കുന്നു. നന്ദിഗ്രാമിലും സിംഗൂരിലും ഇത്തരം ദുഷിച്ച നയങ്ങൾക്കെതിരെ പ്രതിഷേധങ്ങൾ ഉയർത്തുന്നതും പ്രശ്നബാധിതരായ തദ്ദേശീയർ ഇതിനോട് പ്രതികരിക്കുന്നതും നാം കണ്ടു. ഇപ്രകാരം ഈ പ്രക്ഷോഭം സുസ്ഥിരമായ ബദൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ട അന്വേഷണത്തെയും പ്രതിനിധാനം ചെയ്യുന്നു. കോളനിഭരണകാലത്താണ് കാടുകൾ കോളനി ഉടമസ്ഥതയിലായതും ആദിവാസികൾ അവരുടെ ആവാസവ്യവസ്ഥയിൽ നിന്നും ആട്ടിപ്പുറത്താക്കപ്പെട്ടതും എന്നതിനാൽ ചെങ്ങറ സമരം ഒരു കോളനി വിരുദ്ധ സമരം കൂടിയാണ്.




സംഘടിതരല്ല എന്ന കാരണത്താൽ വിലപേശാൻ അശക്തരായ ഭൂരഹിതർ സംഘടിപ്പിക്കപ്പെടുന്നതിനാൽ ഈ സമരം പ്രത്യേക പ്രാധാന്യമർഹിക്കുന്നു. കടുത്ത ആഗോളവൽക്കരണ പ്രക്രിയകൾക്കുമിടയിൽ ജനവിരുദ്ധ നവ ഉദാരീകരണ സാമ്പത്തിക നയങ്ങൾക്കുമിടയിൽ കൂടുതൽ യാഥാർത്ഥ്യബോധ്യത്തോടെ വർഗ്ഗസമരത്തിന്റെ ആശയങ്ങളെ പുനർനിർവ്വചിക്കാനുള്ള ശ്രമം കൂടിയാണ് ഈ സമരം. സ്ഥാപനവൽക്കരിക്കപ്പെട്ട രീതിയിൽ നിന്നകന്ന് പുതുയുഗത്തിനനുയോജ്യമായ പ്രതിരോധതന്ത്രങ്ങൾ ഇവിടെ ആവിഷ്ക്കരിക്കപ്പെടുന്നു. നമ്മുടെ ചിന്തയേയും പ്രവർത്തനരീതിയേയും വിപ്ലവകരമായി മാറ്റാനാവുന്ന സൂക്ഷ്മസമരങ്ങളിതാ ഉദ്ഘാടനം ചെയ്യപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ പുതുമയാണ്, സമീപനത്തിലെ അസാധാരണത്വമാണ്, ഇടതിലേയും വലതിലേയും എതിരാളികളെ അമ്പരിപ്പിക്കുന്നത്.

സമ്മേളനത്തിന് വിജയാശംസകൾ. പ്രക്ഷോഭത്തെക്കുറിച്ചുള്ള സാമൂഹ്യധാരണകളെ ഇത് വിപ്ലവീകരിക്കും. പ്രശ്നത്തിൽ ഇടപെടാനും തല്പരരുമായി ആശയവിനിമയം നടത്താനും സർക്കാരിനോട് അപേക്ഷിക്കുന്നു, തുടങ്ങുന്നതിന് മുമ്പ് അവസാനിപ്പിച്ച ആശയവിനിമയം.

ഐക്യദാർഢ്യവിപ്ലവം

*(2008 മെയ് 3 ന് എറണാകുളത്ത് നടന്ന ചെങ്ങറ ഐക്യദാർഢ്യ സമ്മേളനത്തിന് അയച്ചുതന്ന സന്ദേശം.)*